**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 935** **29-08-2022 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനുവേണ്ടി എന്തെല്ലാം പുതിയ പദ്ധതികളാണ് രൂപം നൽകിയിരിക്കുന്നത്; വിശദമാക്കാമോ; | (എ) | മെഡിക്കൽ / മെഡിക്കൽ അനുബന്ധ കോഴ്സുകൾക്ക് പഠിക്കുന്ന പിതാവോ, മാതാവോ അല്ലെങ്കിൽ രണ്ട് പേരുമോ നഷ്ടപ്പെട്ട വിദ്യാർത്ഥിനികൾക്ക് സ്പെഷ്യൽ സ്കോളർഷിപ്പ് നൽകുന്ന പദ്ധതി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പിന്നാക്ക വിഭാഗ വികസന വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | പിന്നാക്ക വിഭാഗങ്ങൾക്ക് നിലവിലുള്ള ക്ഷേമപദ്ധതികൾ പ്രകാരമുള്ള സേവനങ്ങൾ കൃത്യമായി ലഭിക്കുന്നില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സമയബന്ധിതമായി ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | പരമാവധി വേഗത്തിലും, കൃത്യമായും ആനുകൂല്യം നൽകുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ബഡ്ജറ്റിൽ വകയിരുത്തിയ തുകകൾ പൂർണ്ണമായും സമയബന്ധിതമായും അനുവദിക്കുന്നുണ്ട്. അധികമായി ഫണ്ട് ആവശ്യമുള്ള സാഹചര്യത്തിൽ മാത്രം ആനുകൂല്യ വിതരണം വൈകുന്നുണ്ട്. ആയത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ